# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങളായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/956/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങളായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/956/2022 തീയ്യതി: 27/07/2022

## കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-02-2022 മുതൽ 22-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ.സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 23-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി .ഷൈമകുമാരി ഓഡിറ്റ് ഓഫീസർ

ശ്രീ.ഷിജു .എ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി .ധന്യ.എം ,ഓഡിറ്റർ

ശ്രീ.പ്രമോദ്.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ.രത്നകുമാരി.കെകെ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ.വി.പി.മോഹനൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ശാർങ്ധരൻ.എം | സെക്രട്ടറി | 01-04-2020 | 11-03-2021 |
| ശ്രീമതി.സ്മിത.എസ് | സെക്രട്ടറി | 12-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സ്മിത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ.പി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അമിതസിസിൽ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷാക്കീർ | മെഡിക്കൽ ഓഫീസർ-പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.അജയ് ലോഹൻ | വെറ്റിനറി സർജ**ൻ** | 01-04-2020 | 31-03-2021 |
| ഡോ.പ്രീത.പി.വി | മെഡിക്കൽ ഓപീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.കൃഷ്ണപ്രിയ.കെ | മെഡിക്കൽ ഓപീസർ(ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.ദിജേഷ്.കെ | ഡയറി എക്ററൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.മോഹനൻ.എ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷൈൻലാൽ | വി.ഇ.ഒ ചെങ്ങളായി | 01-04-2020 | 19-10-2020 |
| ശ്രീമതി.ബിന്ദു.കെ.കെ | വി.ഇ.ഒ ചെങ്ങളായി | 20-10-2020 | 31-03-2021 |
| ശ്രീ.നൗഷാദ്.കെ.ബി | വി.ഇ.ഒ. ചുഴലി | 01-04-2020 | 12-09-2020 |
| ശ്രീ.ഷൈൻലാൽ | വി.ഇ.ഒ. ചുഴലി | 13-09-2020 | 19-10-2020 |
| ശ്രീമതി.ബിന്ദു.കെ.കെ | വി.ഇ.ഒ. ചുഴലി | 20-10-2020 | 31-03-2021 |
| ശ്രീമതി നളിനാമ്മ. കെ.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

1/12/20 മുതൽ 29/12/2020 വരെ കാലയളവിൽ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയാണ് ഭരണനിർവഹണം നടത്തിയിരിക്കുന്നത്

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Shyma Kumari S.L (Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2020-21<br>Written By: Shyma Kumari S.L (Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Ganesan Keloth (Asst. Audit Officer, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Shyma Kumari S.L (Audit Officer, On 30-06-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 04-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 05-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Ganesan Keloth (Asst. Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-6 |
| 8 | 250000 രൂപയിൽ അധികരിച്ച തുകകൾ മെറ്റീരിയൽ ചെലവ് അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Shyma Kumari S.L (Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-8 |
| 11 | ഗ്രാമ സഭ<br>Written By: Shyma Kumari S.L (Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-9 |
| 12 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-10 |
| 13 | തൊഴിൽ നികുതി -ഈടാക്കിയതിൽ 250രൂപ കുറവ്<br>Written By: Pramod K (Auditor, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-11 |
| 14 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.<br>Written By: Pramod K (Auditor, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-12 |
| 15 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകങ്ങൾ. | 1-13 |

| | | |
|---|---|---|
| | Written By: Pramod K (Auditor, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | |
| 16 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന 2000 രൂപ ഈടാക്കേണ്ടതാണ്<br>Written By: Pramod K (Auditor, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-14 |
| 17 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-15 |
| 18 | ജമമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ ചട്ട പ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.<br>Written By: Pramod K (Auditor, On 02-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-16 |
| 19 | വാടക ബൈലോ തയ്യാറാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-17 |
| 20 | തനത്ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പലിശയിനത്തിൽ വരുമാന നഷ്ടം.<br>Written By: Pramod K (Auditor, On 02-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-18 |
| 21 | പി.എച്ച്.സി ക്ക് ഇൻവർട്ടർ ടോക്കൺമെഷീൻ പ്രോജക്ട് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-19 |
| 22 | ആട്ട വളർത്തൽ - മിനിഫാം പ്രോജക്ട് രൂപീകരണത്തിലെ അപാകങ്ങൾ<br>Written By: Dhanya M (Auditor, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-20 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 30-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-21 |
| 24 | ലൈഫ് ഭവന പദ്ധതി - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 02-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-22 |
| 25 | ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-23 |
| 26 | പ്രൊജക്ടുകളുടെ വിവിധ രേഖകൾ /വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.തുക 410287രൂപ തടസപ്പെടുത്തുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-24 |
| 27 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Ganesan Keloth (Asst. Audit Officer, On 01-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-25 |
| 28 | ജില്ല പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ-സൂക്ഷിച്ചു.<br>Written By: Ganesan Keloth (Asst. Audit Officer, On 01-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-26 |
| 29 | ആലുവച്ചേരി ശ്മശാനം ഗ്യാസ് ചൂളനിർമ്മാണം -പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 02-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-27 |

| | | |
|---|---|---|
| 30 | അങ്കണവാടികൾക്ക ചുമർചിത്രം പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 14-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-28 |
| 31 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ് - അവശ്യ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Shiju A (Asst. Audit Officer, On 14-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-29 |
| 32 | എസ് ടി വിദ്യാർത്ഥികൾക്ക ഫർണിച്ചർ വാങ്ങൽ - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 14-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-30 |
| 33 | ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് മോണിറ്ററിംഗ് ചെയ്തിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 03-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-31 |
| 34 | ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന ലഭിക്കവാനുള്ള തുക ലഭ്യമാക്കവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 03-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-32 |
| 35 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 03-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-33 |
| 36 | മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല<br>Written By: Shyma Kumari S.L (Audit Officer, On 03-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-34 |
| 37 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- സ്രോതസ്സിൽ നിന്നും ആദായനികുതി 1190 രൂപ കുറവു ചെയ്യേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 05-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 1-35 |
| 38 | നികുതികൾ കണക്കുകൂട്ടുന്നതിൽ കുറവ്<br>Written By: Shyma Kumari S.L (Audit Officer, On 03-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-36 |
| 39 | പ്രവൃത്തി മൂല്യം തുക പി എ സി തുകയിൽ ലിമിറ്റ് ചെയ്യാതെ,ബിൽ തുക അനുവദിച്ചത്-6568 രൂപ നിരാകരിക്കുന്നു.<br>Written By: Shyma Kumari S.L (Audit Officer, On 02-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-37 |
| 40 | ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയുടെ കൂടെ 18% ജി എസ് ടി തുക ഈടാക്കിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 03-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-38 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ 250രൂപ കുറവ്<br>Written By: Shyma Kumari S.L (Audit Officer, On 05-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 2-1 |
| 2 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന 2000 രൂപ ഈടാക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 2-2 |
| | ഭാഗം **3** | |
| 1 | പ്രവൃത്തി മൂല്യം തുക പി എ സി തുകയിൽ ലിമിറ്റ് ചെയ്യാതെ,ബിൽ തുക | 3-1 |

| | | |
|---|---|---|
| | അനുവദിച്ചത്-6568 രൂപ നിരാകരിക്കുന്നു.<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-1 |
| 2 | സംയുക്ത പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ട് വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 19-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 04-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Ganesan Keloth (Asst. Audit Officer, On 29-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ganesan Keloth (Asst. Audit Officer, On 30-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 04-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-07-2022) | 4-8 |
| 9 | ചാർജ് / സർ ചാർജ് നടപടികളുടെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 04-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shyma Kumari S.L (Audit Officer, On 04-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 29/2/2020 ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 11/20നംമ്പർ തീരുമാനപ്രകാരം കൗൺസിലേയ്ക്ക് ശുപാർശ ചെയ്യുകയും ആയത് 13/3/2020 ലെ ബജറ്റ് സമ്മേളനയോഗത്തിൽ 45/2020നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | ബജറ്റ് തുക | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 3131698 | 12660606 |
| വരവ് | 185311600 | 229912706 |
| ആകെ വരവ് | 188443298 | 242573312 |
| ചെലവ് | 186002258 | 235719486 |
| നീക്കിയിരിപ്പ് | 2441040 | 6853826 |

## 1-2 വാർഷിക ധനകാര്യപത്രിക 2020-21

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 24.09.2021 | തിരിച്ചയച്ചിട്ടില്ല |

സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക 9/8/2021 ലെ ഭരണസമിതി തീരുമാനം നമ്പർ 128/21 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1)2019-20 സാമ്പത്തിക വർഷം ബി 1 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ എക്സസ് ഓഫ് ഇൻകം ഓവർ എക്സ് പെന്റിച്ചർ ഹെഡിലെ തുകയും (6020826രൂപ) 2020-21 സാമ്പത്തിക വർഷം മുന്നിരിപ്പായി ചേർത്ത തുകയും (16088283രൂപ)തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടേയും മൂല്യം അക്കൊണ്ട് ചെയ്തിട്ടില്ല.

3) B-11(c),B-11(d),B-11(e) എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെട്ട ആസ്തികൾക്ക് അനുസൃതമായി B-11(a) ഷെഡ്യൂളിൽ Accumulated Depreciation ഉൾപ്പെടുത്തിയിട്ടില്ല.

4) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

5)Recoveries Payable - ജീവനക്കാരുടെ NPS വിഹിതം മാത്രമാണ് (8890രൂപ) B-9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്. സ്ഥാപനത്തിന്റെ വിഹിതം ബാധ്യതയായി ടി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6)ജോയിന്റ് വെഞ്ചർ അക്കൗണ്ട് - നീക്കിയിരുപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ B-4 (4994006 രൂപ).B-17(1000000 രൂപ) ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല.

7)2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

8)ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

9)ലൈബ്രറി സെസ് ഇനത്തിലെ മുന്നിരിപ്പ്(142907രൂപ, B-9 2019-20), തൻവർഷ വരവ് (211260 രൂപ RP-35),

തൻവർഷം ഒടുക്കിയത്(142907, RP-35), നീക്കിയിരിപ്പ് (354167 രൂപ B-9) എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

10) Permit Fee For Construction Of Buildings എന്ന വരവിനത്തിലെ തുക വാർഷിക ധനകാര്യപത്രികയും (310355 രൂപ ,I-4) രജിസ്റ്ററിലെ(309688 രൂപ) തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11)ബാലൻസ് ഷീറ്റിലെ ആകെ ആസ്തി / ബാധ്യത തുക 102149564 രൂപ വീതമാണ്. എന്നാൽ ബാലൻസ്ഷീറ്റിലെ ബാധ്യതയിൽ ഉൾപ്പെട്ട ഷെഡ്യൂളുകൾ പ്രകാരം ആകെ തുക ₹2049996 രൂപയാണ്. ആസ്തിയിൽ ഉൾപ്പെട്ട ഷെഡ്യൂളുകൾ പ്രകാരം ആകെ തുക ₹1527731 രൂപയാണ് .വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

12)24.09. 2020 ലെ സാംഖ്യയിലെ നീക്കിയിരിപ്പിൽ നിന്നും ILGMS ലെ മുന്നിരിപ്പിലേക്ക് വരുമ്പോൾ മൊത്തത്തിലുള്ള ആസ്തി ബാധ്യത തുകയിൽ വ്യത്യാസമുണ്ട്. ( സാംഖ്യയിൽ ₹96642066 യും ILGMS ൽ ₹97651073 യുമാണ്).

13)28.09.20 ന് സാംഖ്യയിൽ നിന്ന് ഡാറ്റാ ILGMS ലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ താഴെ പറയുന്ന ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകകളിൽ വ്യത്യാസം വന്നിട്ടുണ്ട്.

| ക്രമ നമ്പർ | ഷെഡ്യൂൾ (സാംഖ്യ | കോഡ് (സാംഖ്യ) | ഇനം | സാംഖ്യ പ്രകാരമുള്ള തുക | ILGMS പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | B-1 | 310900101 | Excess Of Income Over Expenditure | 15733610.12 | 16598987.12 |
| 2 | B-9 | 350300101 | Govt And Other Dues Payable-Library Cess | 33532 | 176555 |
| 3 | B-15 | 431100101 | Receivable For Property Tax On Residential Building (Current) | 2041433 | 2040182 |
| 4 | B-15 | 431100103 | Receivable For Property Tax On Non Residential Building (Current) | 1447921 | 1446910 |
| 5 | B-17 | 450100101 | Cash | 18443 | 23821 |

14)B-18 Schedule പ്രകാരമുള്ള ഹെഡ് കോഡ് 460500304, 460509901, എന്നിവയുടെ നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

15)2020-21 വർഷത്തെ സ്ഥിരനിക്ഷേപ പലിശ 774323 രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

16)2020-21 വാർഷിക ധനകാര്യപത്രിക രണ്ട് മാസം വൈകിയാണ് സമർപ്പിച്ചിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16279033 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75725484 |
| ആകെ | 92004517 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75462524 |
| നീക്കിയിരിപ്പ് | 16541993 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 2250 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6568 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 410287 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17551125 | 17551125 | 16005581 | 1545544 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4635000 | 4635000 | 4635000 | 0 |
| വികസന ഫണ്ട്-ടി എസ് പി | 0 | 714817 | 714817 | 682875 | 31942 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4955367 | 4955367 | 4312221 | 643146 |
| മെയിന്റനൻസ്-റോഡ് | 0 | 8635000 | 8635000 | 8635000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11006121 | 11006121 | 9974974 | 1031147 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 6830000 | 6830000 | 2158158 | 4671842 |
| എം എൻ ആർ ഇ ജി എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി യവർക്കുള്ള ബോണസ് | 0 | 16000 | 16000 | 16000 | 0 |
| ടി എസ് സി | 2505662 | 0 | 2505662 | 0 | 2505662 |
| ശുചിത്വമിഷൻ ഫണ്ട് | 0 | 2665481 | 2665481 | 1791000 | 874481 |
| ഡബ്ല്യു ജി ഡി പി | 909464 | 28983 | 938447 | 0 | 938447 |
| ഐ സി ഡി എസ് | 46794 | 1620945 | 1667739 | 997251 | 670488 |
| എം പി ഫണ്ട് | 86219 | 1762 | 87981 | 0 | 87981 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് -മറ്റ് ഏജൻസികൾ | 7618 | 110323 | 117941 | 11180 | 106761 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-ക്യാപ്പിറ്റൽ ചെലവ് | 2000000 | 0 | 2000000 | 545413 | 1454587 |
| ജില്ല പഞ്ചായത്ത് വിഹിതം -ക്യാപ്പിറ്റൽ ചെലവ് | 2031032 | 0 | 2031032 | 0 | 2031032 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ ചെലവ് | 179817 | 1175091 | 1354908 | 1175091 | 179817 |
| ജില്ല പഞ്ചായത്ത് വിഹിതം-റവന്യൂ ചെലവ് | 1055691 | 1924543 | 2980234 | 1924543 | 1055691 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ ചെലവ് | 572879 | 0 | 572879 | 300000 | 272879 |
| നിർമ്മൽ പുരസ്കാർ | 210075 | 0 | 210075 | 137911 | 72164 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | പൂർത്തീ കരിച്ചത് | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 188 | 96920494 | 164 | 59457829 | 10 | 154 | 24 | 82 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 8294001 | 5928437 | 71.4 |
| വെറ്റിനറി സർജൻ | 7 | 7 | 2007388 | 1218157 | 60.68 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 7 | 7 | 2140000 | 1733766 | 81 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 560000 | 549380 | 98 |
| വി ഇ ഒ, ചെങ്ങളായി സർക്കിൾ | 10 | 9 | 7973590 | 3346968 | 41.97 |
| വി ഇ ഒ, ചുഴലി സർക്കിൾ | 6 | 5 | 20160000 | 5310171 | 26 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 7109788 | 6744170 | 95 |
| സെക്രട്ടറി | 27 | 24 | 8975708 | 4870389 | 55 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 81 | 36361163 | 26787453 | 73.67 |
| ഹെഡ്മാസ്റ്റർ | 5 | 2 | 822500 | 575000 | 70 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 1478356 | 1458468 | 99 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 138000 | 35470 | 26 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 900000 | 900000 | 100 |
| ആകെ | 188 | 164 | 96920494 | 59457829 | 61 |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ ചെലവ് | - | 50816230 | 50816230 | 50816230 | 0 |
| അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 414245 | 925934 | 1340179 | 1294266 | 45913 |
| ആകെ | 414245 | 51742164 | 52156409 | 52110496 | 45913 |

## 1-6-1 250000 രൂപയിൽ അധികരിച്ച തുകകൾ മെറ്റീരിയൽ ചെലവ് അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ് ) കുറവ് ചെയ്തിട്ടില്ല.

2020-21 ൽ നിർവ്വഹിച്ച എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രൊജക്ടുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് ബിൽ തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ബില്ലുകൾ പ്രകാരം 250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. (ഗുഡ്സ് ആന്റ്

സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) ജി.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം.30/7/2019 ലെ സർക്കുലർ നംപർ 957/ ഇ ജി എസ്-സി/16/ ആർ ഇ ജി എസ് കൂടി കാണുക.

വിശദവിവരം ചുവടെകൊടുക്കുന്നു

| ക്രമ നമ്പർ | പ്രവൃത്തി | എംബുക്ക് നമ്പർ | പ്രവൃത്തി മൂല്യം | മെറ്റീരിയൽ ചെലവ് | 2% ജിഎസ്ടി ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | റോഡ് കോൺക്രീറ്റ് -മദ്രസ മണ്ണംകണ്ടം റോഡ് | 267/2021 | 471545 | 371049 | 7421 |
| 2 | റോഡ് കോൺക്രീറ്റ്-ചുഴലി മാൻണ്ടാച്ചേരി വയൽ ഇക്കാക്കരി റോഡ് | 248/2021 | 416064 | 331416 | 6628 |
| 3 | റോഡ് കോൺക്രീറ്റ്-പെരുങ്കോന്ന് ആലുവച്ചേരി റോഡ് | 223/2021 | 476182 | 298833 | 5976 |
| 4 | റോഡ് കോൺക്രീറ്റ്-മേലേക്കൽ കാവിൻമൂല റോഡ് | 225/2021 | 416069 | 311396 | 6228 |
| 5 | റോഡ് കോൺക്രീറ്റ്-ചേരൻമൂല എസ് പി മുക്ക് റോഡ് | 264/2021 | 416069 | 323271 | 6465 |
| 6 | റോഡ് കോൺക്രീറ്റ്-പരിപ്പായി അംഗൻവാടി പൊയ്യക്കൽ റോഡ് | 245/2021 | 396521 | 316201 | 6324 |
| 7 | റോഡ് കോൺക്രീറ്റ്-മുങ്ങം വായനശാല റോഡ് | 229/2021 | 416069 | 321825 | 6436 |
| 8 | റോഡ് കോൺക്രീറ്റ്-സ്വാമിമഠം കാവുംക്കരി റോഡ് | 227/2021 | 416069 | 297788 | 5956 |
| 9 | റോഡ് കോൺക്രീറ്റ്-ചുഴലി കോപ്പാലം ചെണ്ടേര കണ്ടമ്പേത്ത് റോഡ് | 222/2021 | 471545 | 337323 | 6746 |
| 10 | റോഡ് കോൺക്രീറ്റ്-പുത്തരിമൊട്ട പടിഞ്ഞാറേമൂല റോഡ് | 299/2021 | 416069 | 331416 | 6628 |
| 11 | റോഡ് കോൺക്രീറ്റ്-മൊട്ടക്കപീടിക വട്ടത്താൻ വളപ്പ് റോഡ് | 262/2021 | 416064 | 331416 | 6628 |
| 12 | റോഡ് കോൺക്രീറ്റ്-ചുഴലി മണ്ടച്ചേരിവയൽ അംഗൻവാടി റോഡ് | 298/2021 | 416069 | 331416 | 6628 |
| 13 | റോഡ് കോൺക്രീറ്റ്-എയ്യം മടത്തട്ടേ റോഡ് | 300/2021 | 422343 | 330646 | 6613 |
| 14 | റോഡ് കോൺക്രീറ്റ്-പെരിങ്കോന്ന് റേഷൻ പീടിക സ്വാമിമഠം റോഡ് | 250/2021 | 416069 | 306952 | 6139 |
| 15 | റോഡ് കോൺക്രീറ്റ്-വരിഞ്ഞം -വെള്ളായിത്തട്ട് റോഡ് | 221/2021 | 476182 | 370818 | 7416 |
| 16 | ചെങ്ങളായി എൽ പി സ്കൂൾ റോഡ് | 261/2021 | 416069 | 327271 | 6545 |
| 17 | റോഡ് കോൺക്രീറ്റ്-മണക്കാട് ചീത്തയിൽ റോഡ് | 201/2021 | 428345 | 331416 | 6628 |
| 18 | റോഡ് കോൺക്രീറ്റ്-കണ്ടംകൈ -ചെമ്പിലേരി റോഡ് | 252/2021 | 416069 | 331416 | 6628 |
| ആകെ | | | | | 118033 |

ജി.എസ്.ടി.കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നല്കിയ എന്ക്വയറിയ്ക്ക് (നം.29-29/6/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.2020-21 ൽ നിർവഹണം ചെയ്ത മുഴുവൻ പദ്ധതികളുടെയും 2.5ലക്ഷത്തിനു മുകളിൽ മെറ്റീരിയൽ ചെലവ് വന്ന ബില്ലുകൾ പരിശോധിച്ച് മെറ്റീരിയൽ ചെലവ് തുകയുടെ 2%ജി എസ് ടി തുക ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്യാതിരുന്നാൽ/കുറവ് ചെയ്ത തുക സർക്കാരിലേക്ക് ഒടുക്കാതിരുന്നാൽ ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 122(l)(V) പ്രകാരം പിഴ ഒടുക്കേണ്ടി വരുന്നതാണ് എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 12658800 | 657 |
| തൊഴിൽ രഹിതവേതനം | 42000 | 35 |
| വിധവാപെൻഷൻ | 26262600 | 1297 |
| വാർദ്ധക്യകാല പെൻഷൻ | 39595500 | 2209 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 8059500 | 416 |
| അവിവാഹിത പെൻഷൻ | 1038900 | 52 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/06/22 തീയ്യതിയിൽ 11.45 Pm സമയത്ത് പഞ്ചായത്ത്സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തുക അക്കത്തിൽ : ₹ 1902

തുക അക്ഷരത്തിൽ : ആയിരത്തി തൊള്ളായിരത്തി രണ്ടുരൂപ

## 1-9 ഗ്രാമ സഭ

ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ആകേ 18 വാർഡുകൾ ഉണ്ട്. 2020-21 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ, വർഷത്തിൽ ഒരു തവണമാത്രമേ ഗ്രാമ സഭ ചേർന്നിട്ടുള്ളൂ എന്നു കാണുന്നു. മൂന്നു മാസത്തിലൊരിക്കൽ ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. കോവിഡിന്റെ പ്രോട്ടോക്കോൾ നിലവിലുള്ള സാഹചര്യത്തിൽ ആണ് ഗ്രാമ സഭ യോഗങ്ങൾ ചേരാൻ സാധിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. 2021 ഫിബ്രവരി മാസത്തിൽ ചേർന്ന എല്ലാ ഗ്രാമ സഭ കളിലും ക്വാറം തികഞ്ഞിട്ടുണ്ട്.

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ തോപ്പിലായി,മാവിലംപാറ എന്നീ രണ്ട് ഊരുക്കൂട്ടങ്ങളും 2021 ഫിബ്രവരി മാസത്തിൽ യോഗം ചേർന്നിട്ടുണ്ട് .മാവിലംപാറ ഊരുക്കൂട്ടത്തിൽ 15ഓളം നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. തോപ്പിലായി ഊരുക്കൂട്ടത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഊരുക്കൂട്ടങ്ങളിൽ ഉയർന്നുവരുന്ന നിർദേശങ്ങൾക്ക് ആവശ്യമായ പരിഗണന നല്കേണ്ടതാണ്.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ് സംവിധാനത്തോടെ സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ

സംവിധാനത്തിന്റെ അടിസ്ഥാനം.

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ 24/9/2020 മുതൽ Ilgms സോഫ്റ്റ് വെയർ മുഖേനയാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് വരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 ൽ ഒരുതവണ യോഗം ചേർന്നിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ച് വരുന്നില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ ആസ്തി രജിസ്റ്ററിൽ കാലികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പുതുതായി ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ തരം,വിലവിവരം തുടങ്ങിയ മുഴുവൻ വിവരങ്ങളും പഴയ കെട്ടിടങ്ങളുടെ ഡിപ്രീസിയേഷൻ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിവെക്കേണ്ടതാണ്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലകസംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ 5/8/2021 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി -ഈടാക്കിയതിൽ 250രൂപ കുറവ്

ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1) 2020-21 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധ വർഷം ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.പരിപ്പായി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺസ് പ്രകാരം തോമസ്.എം.പി(പി.ടി.സി.എം) എന്നവരുടെ വരുമാന വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| അടിസ്ഥാന ശമ്പളം. ₹ | ഡി.എ ₹ | മറ്റ് അലവൻസുകൾ ₹ | ആകെ | തൊഴിൽ നികുതി സ്ലാബ്പ്രകാരം ഒടുക്കേണ്ട നികുതി ₹ | ഒടുക്കിയ തുക ഉൾപ്പെടുന്ന രശീതി നമ്പർ/തീയതി/തുക | ഒടുക്കിയ തുക ₹ | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|
| 80040 | 16008 | 4000 | 100048 | 1000 | 120040101261/15.09.2020/ 4500 | 750 | 250 |

കുറവു വന്ന തൊഴിൽ നികുതി ഈടാക്കിയതിന്റ വിവരം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

(എ)ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകളുടെ എണ്ണം, ഇതിൽ സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഒടുക്കിയവയുടെ വിശദ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

(ബി)ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

(സി)ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വളക്കൈ. ചുഴലി മാവേലി സ്റ്റോറുകളിൽ പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/2020-21- തീയ്യതി 27.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. മുകളിൽ പരാമർശിച്ച ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കിയതിന്റെ വിവരവും, സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്താത്തതും, വാർഡ് തല

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഓരോ സ്ഥാപനത്തിലും ജോലിചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള മുഴുവൻ തൊഴിൽ നികുതി റിട്ടേണുകളും സൂക്ഷ്മ പരിശോധന നടത്തി തൊഴിൽ നികുതിയിനത്തിൽ ലഭ്യമാകേണ്ട തുകയിൽ കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ നിന്ന് 2020-21-സാമ്പത്തിക വർഷം എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും,ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. ആയതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

| എഫ്.ടി.ഇ.&ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | അപേക്ഷകന്റെ പേര്. | സ്ഥാപനം സംബന്ധിച്ച വിവരം | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം 2020-21 എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് അപേക്ഷ പ്രകാരം. |
|---|---|---|---|---|
| 100 | 11/252 | എൻ.മുസ്തഫ | മരമിൽ. നടത്തുന്നതിന് | 7 |
| 101 | 11/252A | മൊയ്തീൻ നടുവിലകത്ത് | ഫർണിച്ചർ കാർപെന്ററി വർക്ക് നടത്തുന്നതിന് (സഫിയ വുഡ് ഇൻഡസ്ട്രീസ്) | 6 |
| 171 | 11/395A | സുരേഷ്.കെ.എം. | ഹോളോബ്രിക്സ്,ഇന്റർ ലോക്ക് നിർമ്മാണം (നിടുവാലൂർ ബ്രിക്സ്) | 4 |
| 180 | 17/516 501A 501B | ഇബ്രാഹിം കുട്ടി.ടി | റെഡിമെയ്ഡ് ഫർണിച്ചർ (ഗ്ലോബൽ ഫർണിച്ചർ മാർട്ട്) | 5 |
| 227 | 10/91 | ചാക്കോതോമസ് | മരമിൽ. നടത്തുന്നതിന് (സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസ്) | 6 |
| 289 | 9/607 621 621A 621B 622 623 | കെ.വി.നൗഫൽ | സ്റ്റേഷനറി,അനാദി, പച്ചക്കറി,പഴങ്ങൾ വിൽപ്പന (സൂപ്പർ മാർക്കറ്റ്) | 4 |

| | | | | |
|---|---|---|---|---|
| 300 | 10/342H | സുരേഷ്.ടി.ഒ | ഹൈപ്പർ മാർക്കറ്റ്. | 9 |
| 331 | 17/501C | മുഹമ്മദ് കുഞ്ഞി.കെ.പി. | സിമന്റ് ബ്രിക്സ് നിർമ്മാണം. (മലബാർ ഇൻഡസ്ട്രീസ്) | 6 |
| 334 | 17/487C | സിനു.സി.ജെ. ഷിബു.കെ.എ | വെനീർ നിർമ്മാണം. | 10 |
| 273 | 17/501 എ | സിനു.സി.ജെ. ഷിബു.കെ.എ | വെനീർ നിർമ്മാണം. | 10 |
| 337 | 17/296 | അബൂബക്കർ.കെ.പി. | മരമിൽ. നടത്തുന്നതിന് | 3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/2020-21 തീയ്യതി-27.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഇടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-13 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 -ലെ ജിഒ(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്ത് 14.3.2018-ലെ ഭരണസമിതി തീരുമാനം PR No. 30/18(1) പ്രകാരം വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ) ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ 2020-21-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകർ അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടിലും മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ഏത് മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമാക്കിയിട്ടില്ല.

| എഫ്.ടി.ഇ.& ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | അപേക്ഷകന്റെ പേര് | സ്ഥാപനം സംബന്ധിച്ച വിവരം | മൂലധന നിക്ഷേപം ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പെടുന്ന *രസീത് നമ്പർ/തീയ്യതി* |
|---|---|---|---|---|---|
| 226 | 15/104 105 | ഹാഷിം.കെ.വി | അനാദികച്ചവടം | രേഖപ്പെടുത്തിയിട്ടില്ല. | 200 1200100022/ 28.9.2020. |
| 230 | 18/141 | ഷംസുദ്ദീൻ.എം.പി | അനാദികച്ചവടം | " | 300 1200100065/ 29.9.2020. |
| 233 | 11/167 | രൂപേഷ്.കെ.ജി | അലുമിനിയം ഫാബ്രിക്കേഷൻ നടത്തുന്നതിന്. | " | 300 1200100106/ 30.9.2020. |
| 248 | 9/554 | ജിജീഷ്.വി.എം | ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതിന് | " | 300 1200100373/ 22.10.2020. |
| 257 | 14/21 | മുഹമ്മദ് റാഫി | ഹോട്ടൽ | " | 300 |

| | | | | | |
|---|---|---|---|---|---|
| | | | നടത്തുന്നതിന് | | 1200100529/ 3.11.2020. |
| 258 | 18/173 | ജ്ഞന .ഇ.വി | സിറോക്സ് കോപ്പികൾ എടുക്കുന്നതിന് | " | 300 1200100539/ 4.11.2020. |
| 260 | 16/405 | ഉമ്മർ ഹാജി | അനാദികച്ചവടം | " | 300 1200100564/ 6.11.2020. |
| 261 | 18/415 | പ്രിയ.പി.പി | ഫാൻസി&സ്റ്റേഷനറി കടനടത്തുന്നതിന് | " | 300 1200100584/ 6.11.2020. |
| 263 | 18/414 | കഞ്ഞുംബിട്ടക്ക ഹരിദാസ് | ബേക്കറി സാധനങ്ങളും, ശീതളപാനീയവും വിൽപ്പന. | " | 300 1200100586/ 6.11.2020. |
| 271 | 11/399 | മനോജ് കുമാർ.കെ.കെ | അളവ് തൂക്ക ഉപകരണങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന | " | 300 1200100930/24.11.2020 |
| 274 | 12/275 | ഗോപാലൻ.എം | അനാദികച്ചവടം | " | 200 1200100978/30.11.2020. |
| 279 | 4/552 554 | ഉസ്മാൻ.കെ.പി | ഇലക്ട്രിക്കൽ പ്ലംബിംഗ്,ഹാർഡ്വേഴ്സ് സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന | " | 300 1200101236/29.12.2020. |
| 281 | 11/70 | റോയിതോമസ് | വാഹനങ്ങളുടെ സ്പെയർപാർട്സ് വിൽപ്പന. | " | 300 1200101550/8.1.2021. |
| 284 | 9/518 | എൻ. കെ.അബൂബക്കർ | അനാദികച്ചവടം | " | 200 1200102174/19.1.2021. |
| 285 | 8/132 B | കെ.പി. നാരായണൻ | അനാദി, പച്ചക്കറികച്ചവടം | " | 200 1200102262/21.1.2021 |
| 286 | 14/704 | ഗോവിന്ദൻ.പി,വി | അനാദികച്ചവടം | " | 200 1200102552/28.1.2021. |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2020-21.തീയ്യതി-28.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ നിലവിൽ സമർപ്പിച്ച മുഴവൻ അപേക്ഷകളിലും ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉത്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന 2000 രൂപ ഈടാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷം ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസിന് അപേക്ഷ സമർപ്പിച്ച ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുമ്പോൾ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാത്തതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

| എഫ്.ടി.ഇ.& ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | അപേക്ഷകന്റെ പേര്. | സ്ഥാപനം സംബന്ധിച്ച വിവരം | മൂലധന നിക്ഷേപം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 12.12.2019-ലെ PCB/KNR /ICO/955/2015 അനുമതിയിൽ രേഖപ്പെടുത്തിയത്. | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പെടുന്ന *രസീത് നമ്പർ/ തീയ്യതി* | ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|
| 30 | 501 D 501 H | സിനു.സി.ജെ. ഷിബു.കെ.എ | 110 എച്ച്.പി മോട്ടോർ ഉപയോഗിച്ച് പ്ലൈവുഡ്, പ്ലൈവുഡ് ഡോർ എന്നിവ നിർമ്മിക്കുക. | 1 കോടി 48 ലക്ഷം. | 5000 | 3000 119040106756/ 9.3.2020. | 2000 |

മുകളിൽ പരാമർശിച്ചിരുന്ന അപേക്ഷകരിൽ നിന്ന് ചട്ടപ്രകാരം 5000രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 9.3.2020-ലെ രസീത് നമ്പർ 119040106756 പ്രകാരം 3000 രൂപയാണ് ഈടാക്കിയിട്ടുള്ളത് അവശേഷിക്കുന്ന 2000 രൂപ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9 /2020-21-തീയ്യതി.27.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക 2000രൂപ ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-15 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 -ലെ ജിഒ(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്ത് ധനകര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 2.3.2018-ലെ തീരുമാനം നമ്പർ 12/18 പ്രകാരം വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ഫീസ് ഈടാക്കേണ്ടത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ട്. ഈ തീരുമാനം ഭരണസമിതിയുടെ 14.03.2018-ലെ PR No.30/18(1) പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

(1) 25000 വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻ സ് ഫീ -₹ 100.

(2) 25000 മുതൽ 49999 വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 200.

(3) 50000 മുതൽ 99999 വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 300.

(4) 100000മുതൽ 499999 വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻ സ് ഫീ -₹ 500.

(5) 500000 മുതൽ 1500000വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 750.

(6) 1500000 മുതൽ 2000000 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 1000.

(7) 2000000മുതൽ 3000000 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 1500.

(7) 3000000മുതൽ 5000000 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 2000.

(എ) 2020-21-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വരുവാനുണ്ടായതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

| എഫ്.ടി.ഇ.& ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | അപേക്ഷ കന്റെ പേര്. | സ്ഥാപനം സംബന്ധിച്ച വിവരം | മൂലധന നിക്ഷേപം ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പെടുന്ന *രസീത് നമ്പർ/ തീയ്യതി* | ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|
| 96 | 4/579 585 586 587 588 | ദിനേശൻ. എസ്.ജി | ഗൃഹോപകരണങ്ങൾ വിൽപ്പന നടത്തുന്നതിന് | 100000 | 500 | 300 119040106984/ 13.3.2020. | 200 |
| 152 | 16/73 | ചന്ദ്രൻ. തീയ്യക്കുന്നിൽ | അനാദി കച്ചവടം | 88000 | 300 | 200 120040100198/ 9.6.2020. | 100 |
| 275 | 14/76B | കുറ്റ്യാട്ട് കേളോത്ത് ബാലചന്ദ്രൻ. | ടൂ വീലർ സ്പെയർ പാർട്സ് വിൽപ്പന. | 175000 | 500 | 300 1200100983/ 30.11.2020. | 200 |
| 292 | 4/209A | സുശീല. ഇടയത്ത്. | അനാദി കച്ചവടം | 100000 | 500 | 300 1200102718/ 5.2.2021. | 200 |

(ബി) 31.10.2017 -ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസ് എന്നിങ്ങനെ തരം തിരിച്ച് നിശ്ചയിക്കാവുന്ന പരമാവധി ഫീസിനെക്കുറിച്ച് പറയുന്നുണ്ട് ആയത് പാലിക്കാതെ മൂലധനനിക്ഷേപം 5000000 രൂപ വരെയുള്ളതിനുമാത്രം മേഖല തിരിക്കാതെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഫീസ് ഈടാക്കാൻ തീരുമാനിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/2020-21-തീയ്യതി.27.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കിയതിന്റെ വിവരവും, ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിന് ഭരണ സമിതി തീരുമാനപ്രകാരം തയ്യാറാക്കിയ പട്ടിക ക്രമപ്രകാരമല്ലാത്തതിന്റെയും കാരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. കൂടാതെ 2020-21 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള മുഴുവൻ അപേക്ഷകളും പരിശോധിച്ച് പുതുക്കിയ ചട്ടപ്രകാരമുള്ള ഫീ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ജമമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ ചട്ട പ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 22 (5) പ്രകാരം വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം (മൂന്ന് മാസം –ചട്ടം 22(1) ) സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തുന്ന ആളുകളുടെ മേൽ സെക്രട്ടറിക്ക് 500/- രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ജമ മാറ്റത്തിന് സമർപ്പിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ പ്രസ്തുത പിഴ ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു . ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | ആധാരം നം. & രജിസ്ട്രേഷൻ തീയ്യതി | കെട്ടിട നമ്പർ |
|---|---|---|---|---|
| 1 | ഗണേശ് പ്രസാദ് പൈ | 17.8.2020. | 2776/2019/4.12.2019. | 7/125B |
| 2 | മർസൂക്ക് കീത്തടത്ത്. | 18.3.2020. | 3204/2018/27.11.2018 | 10/187 |

മുകളിൽ പരാമർശിച്ചിട്ടുള്ള അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/20-21- തീയ്യതി.29.6.2022) നൽകിയ മറുപടിയിൽ മുകളിൽ പരാമർശിച്ച ക്രമ നമ്പർ 1-ലെ ഗണേശ് പ്രസാദ് പൈ 29.6.2022-ലെ രസീത് നമ്പർ1220100961- പ്രകാരം 500/- രൂപ ഒടുക്കിയിട്ടുണ്ട്. ക്രമ നമ്പർ 2-ലെ അപേക്ഷകനിൽ നിന്നും ചട്ടപ്രകാരമുള്ള തുക ഒടുക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2020-21 സാമ്പത്തിക വർഷം ജമ മാറ്റത്തിന് സമർപ്പിച്ച നിശ്ചിത സമയ പരിധി കഴിഞ്ഞ മുഴുവൻ അപേക്ഷകളും പരിശോധിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-17 വാടക ബൈലോ തയ്യാറാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാർഡ് നം 14-ൽ സ്ഥിതിചെയ്യുന്ന 20ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള CP XIV/227 നമ്പർ കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും, കെട്ടിടങ്ങളും, മുറികളും വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും,നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.1994കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും, മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും,ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടുകൂടി ബൈലോ ഉണ്ടാക്കേണ്ടതുണ്ട്.മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പ്രസ്തുത പരാമർശം നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പരിഹരിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. .

വാടക കാലോചിതമായി വർധിപ്പിക്കുന്നില്ല - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

വാടകയ്ക്ക് കൊടുത്തിരിക്കുന്ന കെട്ടിടത്തിന് 2019-20-ൽ വാങ്ങിച്ച വാടക തുകയായ 800 രൂപ തന്നെയാണ് 2020-21 ലും വാങ്ങിച്ചിട്ടുള്ളത്. വർഷംതോറും യാതൊരുവിധത്തിലുള്ള വർദ്ധനവും ഇല്ലാതെയാണ് വാടക തുക ഈടാക്കി വരുന്നത് . അതുകൊണ്ടു തന്നെ നിശ്ചിത വാടക പുനപ്പരിശോധിക്കാവുന്നതും കാലോചിതമായ വർദ്ധനവ് വരുത്താനുള്ള നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കാവുന്നതാണ്.

## 1-18 തനത്ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പലിശയിനത്തിൽ വരുമാന നഷ്ടം.

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ് മെന്റ്, കറന്റ് അക്കൗണ്ടുകളാണ്. വസ്തുനികുതി ഇ-പേയ് മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടിയിരുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | 29-06-2022-ലെ നീക്കിയിരിപ്പ് |
|---|---|---|
| എസ് ബി ഐ ശ്രീകണ്ഠാപുരം ശാഖ | 37221522864 | 1917518 |

ഗ്രാമപഞ്ചായത്ത് തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയതിനാൽ പലിശയിനത്തിൽ ലഭിക്കേണ്ട വലിയ വരുമാനം ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. അക്കൗണ്ട് മാറ്റുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിഷയം സംബന്ധിച്ച പരാമർശം ഉണ്ടെങ്കിലും നാളിതുവരെയും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 പി.എച്ച്.സി ക്ക് ഇൻവർട്ടർ ടോക്കൺമെഷീൻ പ്രോജക്ട് അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- പി.എച്ച്സി |
| പ്രോജക്ട് നമ്പർ | 211/20-21 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി-ക്ക് ഇൻവർട്ടർ ടോക്കൺമെഷീൻ |
| അടങ്കൽ | ₹175000 മെയിന്റനൻസ് ഫണ്ട് റോഡിതരം |

| | |
|---|---|
| ചെലവ് | ₹62800, 21/30.03.2021 |

മേൽ പ്രോജക്ടിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക് സെക്ഷൻ. കാഞ്ഞങ്ങാട് ലഭ്യമാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് കൊട്ടേഷൻ ക്ഷണിച്ച് കുറവ് തുക ക്വാട്ട് ചെയ്ത Inter Links, Taliparamba എന്ന സ്ഥാപനത്തിൽ നിന്നും ഇൻവർട്ടർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഉപകരണം ലഭ്യമായതിന് ശേഷം എസ്റ്റിമേറ്റിലുള്ള ഉപകരണങ്ങളാണ് ലഭ്യമായിട്ടുള്ളതെന്നും അവയുടെ ഗുണനിലവാര സാക്ഷ്യപത്രം എന്നിവ മേൽ വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ടതുണ്ട്. മേൽ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/28.06.2022) മറുപടിയായി ഇലക്ട്രോണിക് സെക്ഷന്റെ സാക്ഷ്യപത്രം വാങ്ങി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-20 ആട്ട വളർത്തൽ - മിനിഫാം പ്രോജക്ട് രൂപീകരണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 170/20-21 |
| പ്രോജക്ടിന്റെ പേര് | ആട്ട വളർത്തൽ - മിനിഫാം |
| അടങ്കൽ<br>ആകെ | ₹75000 വികസനഫണ്ട് പെതുവിഭാഗം<br>₹75000 ജില്ലാപഞ്ചായത്ത് വിഹിതം<br>₹150000 ഗുണഭോക്തൃ വിഹിതാ<br>₹300000 |
| ചെലവ്/ബിൽ നം/തുക | ₹37500 9/18.03.2021<br>₹37500 11/27.03.2021<br>₹25000 12/27.03.2021<br>₹25000 13/27.03.2021<br>ആകെ – ₹125000 |

പ്രോജക്ട് ഫോറം പ്രകാരമുള്ള മേൽ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ലക്ഷ്യം- തെരഞ്ഞെടുക്കപ്പെടുന്ന 6 ഗുണഭോക്താക്കൾക്ക് 6 ആട്ടകളെ വീതം (5 പെൺ ആട്ടകളും ഒരു മുട്ടനാട്ടം) വാങ്ങുക. ആവശ്യമായ തീറ്റ, ശാസ്ത്രീയമായ കൂട് എന്നിവ സജ്ജമാക്കുക, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുക എന്നിവ ഗുണഭോക്താക്കളുടെ ഉത്തരവാദിത്തമാണ്.

2.നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനം- 6-8 മാസം പ്രായമുള്ള 3 ആടിനെ പർച്ചേസ് കമ്മറ്റി മുഖേന നേരിട്ട് വാങ്ങി വളർത്താൻ തയ്യാറുള്ളവർക്ക് ആട് ഒന്നിന് 3000 രൂപ ധനസഹായം കൊടുക്കും.

3. ഗുണഭോക്തൃവിഹിതം- ആട്ടകളുടെ കൂട്, ഇൻഷ്വറൻസ് എന്നിവ ഗുണഭോക്താക്കൾ സ്വയം വഹിക്കണം

നൂതന പ്രോജക്ടുകൾ അംഗീകരിക്കുന്നതിനുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ 25.01.2021 തീയതിയിൽ നടന്ന യോഗത്തിൽ ക്രമനമ്പർ 1 ൽ രേഖപ്പെടുത്തിയ പ്രകാരം മേൽ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്.

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ 6 വീതം ആട്ടകളെ വീതം വാങ്ങിയിട്ടുണ്ട്. സബ്സിഡി തുകയായ 25000 രൂപ ആടിനെ നൽകിയ ആളുകളുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചത് എപ്രകാരമാണെന്ന് പ്രോജക്ടിൽ വ്യക്തമല്ല.

2. പ്രോജക്ട് നടപ്പിലാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല

3.മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/27.06.2022) മറുപടിയായി ആടിന്റെ വിലയായ 30000 രൂപയിൽ 25000 രൂപ സബ്സിഡിയാണെന്നും കൂട്, ഇൻഷ്വറൻസ് എന്നിവയുടെ ഗുണഭോക്താവ്

നേരിട്ട് ചെലവഴിക്കേണ്ടതാണെന്നും ഡാറ്റാ എൻട്രി ചെയ്യുന്ന സമയത്ത് വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്താൻ പറ്റാതെപോയതിനാലാണ് പ്രോജക്ടിൽ വിവരങ്ങൾ ഉൾപ്പെടാതെപോയതെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ കൃത്യത ഉറപ്പാക്കേണ്ടതാണ്. പ്രോജക്ടിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 45/20-21 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ<br>ആകെ | ₹412500 വികസനഫണ്ട് പെതുവിഭാഗം<br>₹412500 ഗുണഭോക്തൃ വിഹിതം<br>₹825000 |
| ചെലവ്/ബിൽ നം/തുക | ₹412500 4/10.12.2021 |

കന്നുകുട്ടികൾ ഉള്ള 33 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ട് . ഇതിനായി 412500 /- രൂപ (ഒരു ഗുണഭോക്താവിന് 12500 രൂപ നിരക്കിൽ) എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് കുണ്ടംകൈ ക്ഷീരോൽപാദക സഹകരണസംഘത്തിൽ നിന്നാണ്. ക്ഷീരസംഘം ഹാജരാക്കിയ കാലിത്തീറ്റ വിതരണരജിസ്റ്റർ പ്രകാരം 32 ഗുണഭോക്താക്കൾ മാത്രമാണ് കാലിത്തീറ്റ വാങ്ങുന്നത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 ലൈഫ് ഭവന പദ്ധതി - അപാകതകൾ

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)

| | |
|---|---|
| പദ്ധതി | ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടം |
| ഗുണഭോക്താവിന്റെ പേര് | പ്രമോദ് എ |
| വാർഡ് നമ്പർ | ചെങ്ങളായി ഗ്രാമ പഞ്ചായത്ത് , വാർഡ് 12. |
| സർവ്വെ നമ്പർ | 01 /315 , 22.5 സെന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ , ചെങ്ങളായി |

മേൽ ഗുണഭോക്താവിന് ലൈഫ് പദ്ധതി പ്രകാരം വീട് പൂർത്തിയാക്കാനുള്ള തുക 400000/-രൂപ അനുവദിച്ചിട്ടുണ്ട് . പ്രസ്തുത ഗുണഭോക്താവിന് പദ്ധതി അനുവദിച്ച ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നിയമാനുസൃത രീതിയിലുള്ള വീടിന്റെ പ്ലാൻ ഇവയൊന്നും ലഭ്യമായിരുന്നില്ല. ഓഡിറ്റ് പരിശോധനാ വേളയിൽ ഓഡിറ്റ് അന്വേഷണം നല്കിയതിന്റെ (അന്വേഷണം നമ്പർ 21) മറുപടിയോടൊപ്പമാണ് മേൽ രേഖകൾ ഹാജരാക്കിയിരിക്കുന്നത്. ഭാവിയിൽ പദ്ധതി ഫയലുകളിൽ എല്ലാ അവശ്യ രേഖകളും സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

2)

| | |
|---|---|
| പദ്ധതി | ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം |
| ഗുണഭോക്താവിന്റെ പേര് | അനില ഇ.വി , തലക്കുളം |
| വാർഡ് നമ്പർ | ലഭ്യമല്ല |
| സർവ്വെ നമ്പർ | 30/1562, ചുഴലി വില്ലേജ് |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ , ചെങ്ങളായി . |

മേൽ ഗുണഭോക്താവിന് ലൈഫ് പദ്ധതി പ്രകാരം വീട് പൂർത്തിയാക്കാനുള്ള തുക 400000/-രൂപ അനുവദിച്ചിട്ടുണ്ട് .

പ്രസ്തുത ഗുണഭോക്താവിന് പദ്ധതി അനുവദിച്ച ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവിനു സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ ഭൂമി വാങ്ങിയതായി പറയുന്നു. എന്നാൽ പ്രസ്തുത ഫയലിൽ ഇത്തരത്തിൽ ഭൂമി വാങ്ങിയതിന്റെ രേഖകൾ ലഭ്യമായിരുന്നില്ല. അതോടൊപ്പം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രീമതി അനില ഇ.വി യുടെ അപേക്ഷ, പ്രവർത്തി നിയമാനുസൃതമായി പൂർത്തീകരിച്ചതിന്റെ മോണിറ്ററിങ് റിപ്പോർട്ട്, പ്രവർത്തി നിയമാനുസൃതമായി പൂർത്തീകരിച്ചതാതായുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, നിർവ്വഹണോദ്യോഗസ്ഥനുമായി ഗുണഭോക്താവ് ചമച്ച കരാർ ഇവയൊന്നും ലഭ്യമായിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (അന്വേഷണം 22) മറുപടിയോടൊപ്പമാണ് മേൽ രേഖകൾ ഹാജരാക്കിയിട്ടുള്ളത്. ഭാവിയിൽ പദ്ധതി ഫയലിൽ എല്ലാ അവശ്യ രേഖകളും സൂക്ഷിക്കേണ്ടതാണ് .

## 1-23 ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൌൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ലൈബ്രറി സെസ് മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | തൻവർഷം ഒടുക്കിയത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 142907 | 211260 | 354167 | 142907 | 211260 |

| വൗച്ചർ നം തീയതി | തുക |
|---|---|
| 22000449/24.09.2020 | 142907 |

ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പ്രൊജക്ടുകളുടെ വിവിധ രേഖകൾ /വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.തുക 410287രൂപ തടസപ്പെടുത്തുന്നു.

2020-21 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ കൊടുത്ത പ്രൊജക്ടുകളുടെ വിവിധ രേഖകൾ /വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ ഫണ്ടിനം | ചെലവ് | ബിൽ നം/തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 235/2021 | വിവിധ കുടിവെള്ള പദ്ധതികൾ -വൈദ്യുതീകരണം | 125000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 103698 | 37/2020-21 തീയതി 30.03.2021 | പദ്ധതികൾ കമ്മീഷൻ ചെയ്തതിന്റെ വിവരം,മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് |
| 2 | 201/2021 | ചുഴലി വയോജനമന്ദിരം വൈദ്യുതീകരണം | 115000 വികസന ഫണ്ട് | 113998 | 12/2020-21 തീയതി 30.09.2020 | പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖ,മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് |
| 3 | 125/2021 | ചുഴലി വയോജനകേന്ദ്രത്തിന് കസേര വാങ്ങൽ | 49500 വികസന ഫണ്ട് | 47000 | 02/2020-21 തീയതി 21.04.2020 | കസേരകൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടില്ല, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് |
| 4 | 202/2021 | പട്ടികജാതിക്കാർക്കായുള്ള പെരിങ്കോന്ന് കേന്ദ്രീകൃത സാംസ്കാരിക തൊഴിൽ | 71000 എസ്.സി.പി. | 69285 | 14/2020-21 തീയതി 07.10.2020 | പ്രസ്തുത കെട്ടിടം ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ |

| | | | | | | |
|---|---|---|---|---|---|---|
| | | പരിശീലനകേന്ദ്രം ഇലക്ട്രിഫിക്കേഷൻ | | | | വിവരം. പരിശീലനകേന്ദ്രം പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് |
| 5 | 200/2021 | തേർമല എസ് സി കോളനി സാംസ്കാരിക നിലയം വൈദ്യുതീകരണം | 83000 എസ്.സി.പി. | 76306 | 15/2020-21 തീയതി 07.10.2020 | പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് |
| | | | | 410287 | | |

പ്രസ്തുത പ്രൊജക്ടുകളുടെ അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 02/2021 |
| പ്രൊജക്ടിന്റെ പേര് | ഐ കെ എം വിഹിതം അടക്കൽ |
| അടങ്കൽ | 86258 (വികസന ഫണ്ട്, സാധാരണ വിഹിതം) |
| ചെലവ് | 86258 |
| ബിൽ നം/ തീയതി | 30/2020-21 തീയതി 09.03.2021 |

ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ കെ എം ന്റെ പ്രവർത്തന ഫണ്ടിലേക്ക് മാറ്റി വെക്കണമെന്ന സ. ഉ. (സാധാ)നം 1228/16/തസ്വഭവ/08.03.2016 ലെ നിർദ്ദേശ പ്രകാരം ₹ 86258 രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് (എൻക്വയറി നം. 16/26.06.22)

## 1-26 ജില്ല പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ-സൂക്ഷിച്ചു.

സംയുക്ത പ്രൊജക്ട് നടപ്പിലാക്കുന്നതിന് ജില്ല-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുണ്ടെന്ന് ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | തുക നൽകിയ തദ്ദേശഭരണസ്ഥാപനം | ഇനം | കോഡ് നമ്പർ | നീക്കിയിരിപ്പ് തുക(31.03.2021) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | Contributions For Joint Venture Projects (For Capital Expenditure) From Block Panchayath | 320700104 | 1454587 |
| 2 | ജില്ല പഞ്ചായത്ത് | Contributions For Joint Venture Projects (For Capital Expenditure) From District Panchayath | 320700105 | 2031032 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayath | 320700204 | 179817 |
| 4 | ജില്ല പഞ്ചായത്ത് | Contributions For Joint Venture Projects (For Revenue Expenditure) From District Panchayath | 320700205 | 1055691 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayath | 320700404 | 272879 |

ഇപ്രകാരം ജില്ല പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.ജി ഒ(പി) നം 87/2017 ധനം തീയതി 23.01.2017 ഉത്തരവിലെ ഖണ്ഡിക (V) പ്രകാരം വിനിയോഗിക്കാൻ സാധ്യതയില്ലാത്ത തുക ഫെബ്രുവരി 28 ന് മുമ്പ് അതത് പ്രാദേശിക സ്വയം ഭരണ സ്ഥാപനത്തിന് തിരികെ നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമുള്ള സർക്കാർ നിർദേശം പാലിച്ചിട്ടില്ല. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (III) അനുസരിച്ച് ഇപ്രകാരം ലഭിച്ച തുക പ്രത്യേക ടി എസ് ബി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 31-03-2021 ലെ ഗ്രാമപഞ്ചായത്ത് ബാലൻസ് ഷീറ്റ് ബി-17പട്ടികയിൽ പ്രത്യേക ടി എസ് ബി അക്കൗണ്ടിൽ 1000000 രൂപ മാത്രമാണ് നീക്കിയിരിപ്പായിട്ടുള്ളത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത സർക്കാർ നിർദേശം പാലിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിലാണ് ടി തുക സൂക്ഷിച്ചിട്ടുള്ളത്. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി സംയുക്ത പ്രൊജക്റ്റ് ഇനങ്ങൾക്ക് ലഭിച്ച പണം സൂക്ഷിച്ചതിനും സമയബന്ധിതമായി പണം വിനിയോഗിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംയുക്ത പ്രൊജക്റ്റിന് വേണ്ടി ലഭിച്ച ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-27 ആലുവച്ചേരി ശ്മശാനം ഗ്യാസ് ചൂളനിർമ്മാണം -പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത് |
| പ്രോജക്ടിന്റെ നമ്പരും പേരും | 176/21 സ്റ്റീൽ ഇൻഡസ്ട്രീസ് മുഖേന ആലുവച്ചക്കരി ശ്മശാനം ഗ്യാസ് ചൂള നിർമ്മാണം |
| അടങ്കൽ | ₹17,40,000 (തനത്)<br>₹10,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹16,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ : 43,40,000/- |
| വൗച്ചർ നം/ തീയ്യതി | 21900608/11.10.2019-1055250(ജില്ല പഞ്ചായത്ത് വിഹിതം-2019-20)<br>22000031/09.10.2020-545413(ബ്ലോക്ക് പഞ്ചായത്ത് വിഹിതം-2020-21) |

ആലുവച്ചേരി ശ്മശാനം ഗ്യാസ് ചൂള നിർമ്മാണം എന്ന പ്രൊജക്ടിന്റെ ₹43,13,490 യുടെ എസ്റ്റിമേറ്റ് അംഗീകരിച്ചത് പ്രകാരം ആയതിന്റെ നിർമ്മാണ ചുമതല അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് നൽകിയിട്ടുണ്ട്. 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട് (എഗ്രിമെന്റ് നം.16/19/01.02.2019) . എഗ്രിമെന്റ് പ്രകാരം ആഗസ്റ്റ് 2019 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ സമയം ദീർഘിപ്പിച്ച നൽകാൻ 24.08.2019 ലെ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ സമയം 30.09.2019 വരെ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്.(2019-20 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക 1-25 കാണുക) പ്രസ്തുത സമയപരിധിക്കകവും പൂർത്തീകരിക്കാൻ സധിച്ചിട്ടില്ല. 2020-21 വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 545413 രൂപ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/2020-21 തീയതി 29.06.2022) മറുപടിയായി 2022-23 വർഷം പ്രൊജക്ട് പൂർത്തീകരിച്ചിട്ടുണ്ടെന്നും, പരിശോധന പൂർത്തിയാക്കി ബിൽ തുക അനുവദിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി കമ്മീഷൻ ചെയ്യുകയും 2019-20 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 1-25 തടസപ്പെടുത്തിയതിന് ആധാരമായ വിഷയങ്ങൾ പരിഹരിക്കുകയും ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-28 അങ്കണവാടികൾക്ക ചുമർചിത്രം പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് & നമ്പർ -009/21 | അങ്കണവാടികൾക്ക ചുമർചിത്രം |
| അടങ്കൽ തുക: | 300000/-MG-NR |
| ചെലവ് തുക | 300000/-<br>Bill No.21/21/26/3/21 – 300000/- |
| തുക നൽകപ്പെട്ട സ്ഥാപനം | കീർത്തി യൂണിഫോം & മാച്ചിങ് സെന്റർ |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1)വ്യാപകമായി ടെൻഡർ കക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമല്ല .

2)ആകെ കീർത്തി യൂണിഫോം & മാച്ചിങ് സെന്റർ എന്ന സ്ഥാപനത്തിന്റെ ഒരു ടെൻഡർ മാത്രമാണ് ലഭ്യമായത് . റീ ടെൻഡർ ക്ഷണിച്ചതായി കാണുന്നില്ല .

3)ലഭ്യമായ ഒറ്റ ടെൻഡർ അംഗീകരിച്ചതായാണ് കാണുന്നത് . ആയതിന്റെ കാരണം ഫയലിൽ വിശദമാക്കിയിട്ടില്ല

വ്യാപകമായി ടെൻഡർ ക്ഷണിക്കാതെ ലഭ്യമായ ഒറ്റ ടെൻഡർ അംഗീകരിച്ചുകൊണ്ടാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത ടെൻഡർ അംഗീയകരിക്കുന്നതിനു ഉപോൽബലകമായി യാതൊരു നിയമപരമായ കാരണവും ഫയലിൽ രേഖപ്പെടുത്തിയതാതി കാണുന്നില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-29 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ് - അവശ്യ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് & നമ്പർ -004/21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ് |
| അടങ്കൽ തുക: | 1500000/-<br>750000/-(പൊതുവിഭാഗം സാധാരണ വിഹിതം)<br>375000/-( ബ്ളോക്ക് വിഹിതം)<br>375000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 1405825/-<br>Bill No. 9/21/25/11/21 – 251500/-<br>10/21/25/11/21- 318575/-<br>15/21/12/2/21- 425825/-<br>16/21/12/2/21- 350000/-<br>17/21/12/2/21 – 31425/-<br>18/21/15/3/21 - 28500/- |
| ആകെ | 14058251 |

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഹാജരാക്കേണ്ടുന്ന രേഖകളിൽ താഴെ പറയുന്ന അപേക്ഷകർ ചില അവശ്യ രേഖകൾ ഹാജരാക്കിയിട്ടില്ല.

| അപേക്ഷകന്റെ പേര് | ഹാജരാകാത്ത രേഖകൾ |
|---|---|
| മേഴ്സി കെ വി | വിദ്യാലയത്തിൽ നിന്നുള്ള സാക്ഷ്യപത്രം,<br>വാഹന ഉടമയുടെ സാക്ഷ്യപത്രം |
| റഹ്മത്ത് | |
| സമീറ കെ വി | |

| |
|---|
| ലീല കെ കെ |

ഭാവിയിൽ പദ്ധതി മാർഗ രേഖകളിൽ ആവശ്യപ്പെടുന്ന എല്ലാ രേഖകളും അപേക്ഷകരിൽ നിന്നും ലഭ്യമാക്കാനും ആയവ പരിശോധിച്ച പദ്ധതി നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ് .

## 1-30 എസ് ടി വിദ്യാർത്ഥികൾക്ക ഫർണിച്ചർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് & നമ്പർ -122/21 | എസ് ടി വിദ്യാർത്ഥികൾക്ക ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | 50000/- (TSP) |
| ചെലവ് തുക | 39792/-<br>Bill No. 10/20-21 Dt 211/1/21 |
| തുക നൽകപ്പെട്ട സ്ഥാപനം | അർജ്ജുൻ അസ്സോസിയേറ്റ്സ് |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1)പ്രസ്തുത പദ്ധതിയിൽ 8 വിദ്യാർത്ഥികൾക്കായി ഓരോ വിദ്യാർത്ഥിക്കും ഓരോ മേശയും കസേരയും ആണ് നൽകിയിരിക്കുന്നത്. ഇതിനായി 39792/-രൂപ അർജ്ജുൻ അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് . 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക ലിമിറ്റഡ് ടെണ്ടർ സമ്പ്രദായം അനുവർത്തിക്കണമെന്നിരിക്കേ, ആയതു പാലിച്ചതായി കാണുന്നില്ല. അർജ്ജുൻ അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ഏക ടെൻഡർ അംഗീകരിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ലഭ്യമായ ഒരു ടെൻഡർ മാത്രം പരിഗണിച്ച വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ് . 2)പ്രസ്തുത ഫയലിൽ ഗുണഭോക്താക്കളുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, വിദ്യാർഥികളാണെന്ന തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫർണിച്ചറിന്റെ കൈപ്പറ്റ രസീത്, പദ്ധതി മോണിറ്ററിങ് റിപ്പോർട്ട് ഇവയൊന്നും ലഭ്യമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പിലാക്കുന്നത് ഒട്ടും ആശാസ്യമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-31 ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് മോണിറ്ററിംഗ് ചെയ്തിട്ടില്ല

ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ നിർവഹണം ചെയ്ത പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പൊതുമരാമത്ത് പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടെയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. 2019-20വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. പ്രോജക്റ്റ് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്റ്റ് ഫയലിൽ ചേർത്തിട്ടില്ല.

പൊതുമരാമത്ത് പദ്ധതികളുടെ മോണിറ്ററിംഗ് വേണ്ടവിധത്തിൽ നടത്താത്തതിനു വിശദീകരണം നൽകേണ്ടത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രത്യകം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തതിനാലാണ് പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്താത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. കഴിഞ്ഞ ഓഡിറ്റിലും ഇത് സംബന്ധിച്ച നിർദേശം നൽകിയിട്ടും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാത്തത് കുറ്റകരമായ അനാസ്ഥയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുവാനുള്ള തുക ലഭ്യമാക്കുവാനുള്ള തുടർ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

28/9/2013 ലെ GO(MS)No.318/2013 /LSGDപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. ആയതു പ്രകാരം ചെങ്ങളായി ഗ്രാമ പഞ്ചായത്ത് നടത്തിയ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൊണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകകൾ നാളിതുവരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല.

ഇത് സംബന്ധിച്ച് 27-6-2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുവാനുള്ള തുക എത്രയും വേഗം ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ചെങ്ങളായി ഗ്രാമപഞ്ചായത്ത് 2019-20, 2020-21 വർഷങ്ങളിൽറോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 29-1-2018-ലെ ജി.ഒ (എം.എസ്) 11/2018/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 7.13(1) പ്രകാരം ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കേണ്ടത്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെയും ചെയിനേജ് വ്യക്തമാക്കാതെയും പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തി സമഗ്രപദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5 തീയതി 27/6/2022 ), 2021-22 വർഷത്തിൽ R-Track സംവിധാനം ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ആയത് പ്രകാരമുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. 2012ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. നാളിതുവരേയും നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല എന്ന് ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (18/16-6-2022)മറുപടി നൽകിയിട്ടുണ്ട്. 10 ലക്ഷത്തിലധികം അടങ്കലുള്ള ഒന്നിലധികം പ്രവൃത്തികൾ ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ നിർവഹണം നടത്തിയിരിക്കുന്ന സാഹചര്യത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ആവശ്യമാണെന്ന് സ്റ്റാൻഡിംഗ് കമ്മിറ്റിയെ ധരിപ്പിക്കേണ്ടതും ഈ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം

കൈക്കൊള്ളേണ്ടതുമാണ്.

## 1-35 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ-സ്രോതസ്സിൽ നിന്നും ആദായനികുതി 1190 രൂപ കുറവ് ചെയ്യേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെങ്ങളായി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | 224/20, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ |
| അടങ്കൽ | 250000രൂപ(തനതുഫണ്ട് ജനറൽ) |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് | 119000രൂപ (പ്രതിമാസം 23800രൂപ നിരക്കിൽ 5 മാസം) |
| കരാറുകാരൻ | ശ്രീ.വിജീഷ് കുമാർ .കെ.വി |

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഈ സാഹചര്യത്തിൽ മേൽ ബില്ലുകളിൽ നിന്നും ഇൻകം ടാക്സ് കുറവു ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/29-6-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക 1190 രൂപ ഈടാക്കി ഒടുക്കു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-36 നികുതികൾ കണക്കുകൂട്ടുന്നതിൽ കുറവ്

ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കുറവ് തുക കുറവ് ചെയ്തതിനു പുറമേ ഒഴിഞ്ഞ ടാർ ബാരലിന്റെ വില, പിഴതുക എന്നിവ കുറവ് ചെയ്തതിനു ശേഷമുള്ള തുകയിൽനിന്നും ആണ് നികുതികൾ ഈടാക്കിയതായി കാണുന്നത്. ഈയിനത്തിൽ ചെറിയതോതിലുള്ള തുകയുടെ കുറവ് ജിഎസ് ടി ,വെൽഫേർ ഫണ്ട്, ആദായനികുതി എന്നിവയ്ക്ക് ഉണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്ററന്റ് എഞ്ചിനീയർ

പ്രവൃത്തിയുടെ പേര് - പരിപ്പായി പൂരക്കടവ് റോഡ് റീടാറിംഗ്

നമ്പർ-76/2021

എംബുക്ക് നമ്പർ 227/2021

കരാറുകാരന്റെ പേര് -ജലീൽ.സി.പി

ഫണ്ടിനം -

ബിൽ നമ്പർ തുക -2019055201330144491 30/3/2021 തുക 234008

| | |
|---|---|
| പ്രവൃത്തിമൂല്യം | 249462 |
| കുറക്കുക-ടെണ്ടർ ബിലോ 5.2% | 12972 |
| ആകെ പ്രവൃത്തിമൂല്യം തുക | 236490 (നികുതികൾ ഈടാക്കേണ്ടതുക) |
| ടാർ ബാരൽ തുക | 2618ഫണ്ടിൽ നിന്നുംനേരിട്ട് കിഴിവ് വരുത്തി യ തുക |
| | 233872 |

| | | |
|---|---|---|
| പിഴ (1% Of PACതുക) | 2494 | 7104 |
| ആദായനികുതി 0.75% | 1774 | |
| നിർമാണതൊഴിലാളി ക്ഷേമനിധി | 2365 | |
| GST 18% ടാർ ബാരൽ തുക | 471 | |
| 233872-7104=226768 | | |
| കരാറുകാരന് നൽകാവുന്ന ആകെ തുക | 226768 | |

കരാറുകാരന് നൽകിയതുക227613-

നല്കേണ്ട തുക 226768

അധികം നൽകിയതുക 845

--------------------------------

2)2)പ്രവൃത്തിയുടെ പേര് - റീടാറിംഗ് വർക്ക് ഓഫ് ചെറുകുന്ന്

മൊയ്യാളം തട്ടു റോഡ്

പ്രവൃത്തിയുടെ നമ്പർ - 78/20-21

എംബുക്ക് നമ്പർ - 231/20-21

കരാറുകാരന്റെ പേര് - ജലീൽ.സി.പി

ഫണ്ടിനം

ബിൽ നമ്പർ തുക -20190552013301445563 30/3/2021

| | യഥാർത്ഥത്തിൽ നൽകേണ്ടത് | |
|---|---|---|
| പ്രവൃത്തിമൂല്യം | 249334 | |
| കുറക്കുക-ടെണ്ടർ ബിലോ | 17815 | |
| ബാക്കി തുക | 231519 (നികുതികൾ ഈടാക്കേണ്ടതുക) | |
| ടാർ ബാരലിന്റെ വില | 1904 | |
| ബാക്കി തുക | 229615 | |
| ടാർ ബാരലിന്റെ വിലയുടെ 18% ജിഎസ് ടി | 343 | 6888 |
| Fine 1% Of PAC | 2494 | |
| ആദായനികുതി | 1736 | |

| | | |
|---|---|---|
| തൊഴിലാളിക്ഷേമനിധി | 2315 | |
| ബാക്കി കരാറുകാരന് നല്കേണ്ട തുക 229615-6888=222727 | | |

കരാറുകാരന് നൽകിയതുക -223341

നല്കേണ്ട തുക - 222727

അധികം നൽകിയതുക 614

ഇത് സംബന്ധിച്ച് നൽകിയ 1/26-6-2022 ഓഡിറ്റ് എൻക്വയറിയ്ക്ക്, ആകെ മൂല്യത്തിൽനിന്നും ഒഴിഞ്ഞ ബാരലിന്റെ വില, ടെണ്ടർ ബിലോ എന്നിവ കുറവ് ചെയ്ത തുകയാണ് ടി പ്രവൃത്തിയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്നും ലഭിക്കുന്നുള്ളൂ എന്നും ലഭ്യമായ തുക മാത്രമാണ് ടി പ്രവൃത്തികൾക്ക് ചെലവ് വരുന്നുള്ളൂ എന്നും കരാറുകാന്റെ കൈയിൽ ലഭിക്കുന്ന തുകയുടെ ആനുപാതികമായ തുകയാണ് നികുതി ഇനത്തിൽ ഈടാക്കുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ മേൽ തുക കൂടാതെ പിഴ തുക കൂടി കുറവ് ചെയ്ത് കരാറുകാരന് ബാക്കി ലഭിക്കുന്ന തുകയുടെ മേലേയാണ് നികുതി ഈടാക്കുന്നതായി കാണുന്നത്. പ്രവൃത്തി മൂല്യത്തിനുമേൽ നികുതി തുക ഈടാക്കുന്നതിനു പകരം എല്ലാ ഇളവുകളും നടത്തിയതിനു ശേഷം നികുതി തുക ഈടാക്കുന്നത് ശരിയല്ല. ആകേ പ്രവൃത്തി മൂല്യത്തിനു മേൽ തന്നെ നികുതികൾ ഈടാക്കി ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 പ്രവൃത്തി മൂല്യം തുക പി എ സി തുകയിൽ ലിമിറ്റ് ചെയ്യാതെ,ബിൽ തുക അനുവദിച്ചത്-6568 രൂപ നിരാകരിക്കുന്നു.

ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ താഴെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി മൂല്യം തുക പി എ സി തുകയിൽ ലിമിറ്റ് ചെയ്യാതെ ടെണ്ടർ കുറവ് തുക കുറവ് ചെയ്യുകയും ഒഴിഞ്ഞ ടാർ ബാരലിന്റെ വില, പിഴതുക , നികുതികൾ എന്നിവ കുറവ് ചെയ്തതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

1)പ്രവൃത്തിയുടെ പേര് - റീടാറിംഗ് വർക്ക് ഓഫ് മേനോൻ മൊട്ട പെരുമ്പാറ കടവ് റോഡ്

പ്രൊജക്ട് നമ്പർ - 83/20-21

എംബുക്ക് നമ്പർ - 221/20-21

കരാറുകാരന്റെ പേര് - ജലീൽ

ഫണ്ടിനം -മെയി.ഫണ്ട് റോഡ്

അടങ്കൽ – 250000/-

ബിൽ നമ്പർ തുക -20190552013301444475 30/3/2021 തുക 231294

| | യഥാർത്ഥത്തിൽ നൽകേണ്ടത് |
|---|---|
| പ്രവൃത്തിമൂല്യം | 249084 (PAC Amount Also) |
| (6.2% ടെണ്ടർബിലോ) | 15443 |
| | 233641(-) |
| കുറക്കുക ഒഴിഞ്ഞ ബാരലിന്റെ തുക | 2856 |

| | | |
|---|---|---|
| | 230785(-) | |
| ആദായനികുതി | 1752 | 7096 |
| തൊഴിലാളിക്ഷേമനിധി | 2337 | |
| ടാർ ബാരലിന്റെ വിലയുടെ ജി എസ് ടി തുക | 514 | |
| പിഴ തുക പി എ സി തുകയുടെ 1% | 2493 | |
| ആകെതുക230785-കിഴിവ്7096=ബാക്കി തുക223689 | | |

കരാറുകാരന് അനുവദിച്ച തുക 224974

കരാറുകാരന് അനുവദിക്കാവുന്ന തുക223689

